**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **28-02-2023 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക മത്സ്യകൃഷി വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയമത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് 2020-21 സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെയിനം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ; | (ബി) | തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് വരുന്നുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിന് കീഴിലുള്ളതും അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ളതുമായ 31 ഫിഷ് സീഡ് ഫാമുകളിലും |

| | | | |
|---|---|---|---|
| | | | ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കട്‌ല, രോഹു, മൃഗാൽ, പൂമീൻ, ഗ്രാസ് കാർപ്പ്, കോമൺ കാർപ്പ്, തിലാപ്പിയ, അനാബസ്, വരാൽ, ആറ്റുകൊഞ്ച്, കാരചെമ്മീൻ, നാരൻചെമ്മീൻ തുടങ്ങിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെയാണ് തദ്ദേശീയ മത്സ്യകർഷകർക്ക് വിതരണം ചെയ്തു വരുന്നത്. |
| (സി) | അപ്രകാരം വിതരണം ചെയ്യുന്ന മത്സ്യക്കുഞ്ഞുങ്ങളിൽ ചിലയിനത്തിന് രുചി കുറവാണെന്നതിനാൽ അത്തരം മത്സ്യങ്ങൾക്ക് വിപണി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നമ്മുടെ സംസ്ഥാനത്ത് പൊതുവെ കടൽ മത്സ്യങ്ങളോടാണ് പ്രിയം എന്നതൊഴിച്ചാൽ വളർത്തു മത്സ്യങ്ങൾക്ക് രുചി കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പൊതുസ്വീകാര്യമായതും രുചികരമായതുമായ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പൊതുസ്വീകാര്യമായതും രുചികരമായതുമായ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാച്ചറികളിലും ഫാമുകളിലും ഉൽപാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾക്കു പുറമെ മത്സ്യവിത്തുൽപ്പാദിപ്പിക്കുന്ന ചെറുകിട കർഷകരിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ച് വിതരണം ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലുമായി 150 പിന്നാമ്പുറങ്ങളിലെ കരിമീൻ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും 150 വരാൽ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി പൂർത്തീകരിച്ച് വരുന്നു. |
| (ഇ) | പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വേണ്ടത്ര വിപണി ലഭിക്കാത്തതിനാൽ ഫിഷറീസ് വകുപ്പിന്റെ തന്നെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ വിപണി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ജനകീയമത്സ്യകൃഷി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി അഡാക്ക് മുഖേന 'ലൈവ് ഫിഷ് മാർക്കറ്റിംഗ്ഔട്ട് ലെറ്റ്' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിലേക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തുകയും ഔട്ട് ലെറ്റുകൾ തുടങ്ങുന്ന തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതും, താരതമ്യേന വിപണിയിൽ ആവശ്യക്കാരുള്ളതുമായ തിലാപ്പിയ (ഗിഫ്റ്റ്), കാളാഞ്ചി, കരിമീൻ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെ മത്സ്യഫെഡ് നേരിട്ട് നടത്തുന്നതും ഫ്രാഞ്ചൈസി വ്യവസ്ഥ യിലുള്ളതുമായ ഫിഷ് മാർട്ടുകളുടെ ആവശ്യാനുസരണം ബേസ് സ്റ്റേഷനുകളിൽ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. പ്രാദേശികമായി |

| | | | |
|---|---|---|---|
| | | | ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദനം മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നടത്തിയെങ്കിലും കടൽ മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അതേ രീതിയിലുള്ള സ്വീകാര്യത ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ